സ.ഉ.(കൈ) നം.206/2023/HOME

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

ആഭ്യന്തര വകുപ്പ് — സമാശ്വാസ തൊഴിൽദാന പദ്ധതി — ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട പോലീസ് കോൺസ്റ്റബിൾ ബാല്യ എസ്. (PC 13899)-ന്റെ സഹോദരൻ ശ്രീ. ബിനു സുരേഷ്-ന് ഔട്ട് ഓഫ് ടേൺ പ്രയോരിറ്റിയിൽ കേരള സംസ്ഥാന ആഡിറ്റ് വകുപ്പിൽ ആഡിറ്റർ തസ്തികയിൽ ആശ്രിത നിയമനം നല്കുന്നത്— അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/HOME — തീയതി,തിരുവനന്തപുരം, 06-10-2023

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2. 03.02.2012-ലെ സ.ഉ.(പി) നം. 6/12/ഉ.ഭ.പ.
3 01.04.2019-ലെ ഉപ. സി.2/380/2018-ഉഭപവ നമ്പർ പരിപത്രം.
4. ശ്രീ.ബിനു സുരേഷിന്റെ 10.01.2022-ലെ അപേക്ഷ.
5 സംസ്ഥാന പോലീസ് മേധാവിയുടെ 15.03.2022.-ലെ എം.4(a)-200716/2021/പി.എച്ച്.ക്യൂ നമ്പർ കത്ത്.
6 അമ്പലപ്പുഴ തഹസിൽദാരുടെ 27/05/2022 ലെ എ4-15141/21 നമ്പർ സാക്ഷ്യപത്രം.
7 ആലപ്പുഴ ജില്ലാ കളക്ടറുടെ 13.07.2022-ലെ ഡി.സി.എ.എൽ. പി/5866/2022-എ7 നമ്പർ കത്ത്.
8 ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 151/2023 മേലുള്ള 16.02.2023-ലെ വിധിന്യായം

<u>**ഉത്തരവ്**</u>

പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (PC 13899) ആയി സേവനത്തിലിരിക്കെ 18.12.2021-ൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണപ്പെട്ട ബാല്യ എസ്-ന്റെ സഹോദരൻ ശ്രീ.ബിനു സുരേഷ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുൻഗണനാക്രമം മറികടന്ന് കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ ആഡിറ്റർ തസ്തികയിൽ ആശ്രിത നിയമനത്തിനായി പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം 5 പ്രകാരം പ്രസ്തുത അപേക്ഷ സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിട്ടുണ്ട്. അപേക്ഷ പരാമർശം 1 പ്രകാരമുള്ള ഉത്തരവിലെയും ഭേദഗതികളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണെന്നും, നിയമനത്തിന് അർഹമായിട്ടുള്ളതാണെന്നും പരാമർശം 7 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

2. പരാമർശം 3 പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബിനു സുരേഷ് പരേതനായ ബാല്യ.എസിന്റെ ആശ്രിതനാണെന്ന് പരാമർശം 6 പ്രകാരം അമ്പലപ്പുഴ തഹസിൽദാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പരേതന്റെ കുടുംബവാർഷിക വരുമാനം 6,65,880./- രൂപയാണെന്ന് പുന്നപ്ര വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പരേതന്റെ നിയമപരമായ എല്ലാ അവകാശികളും അപേക്ഷകന് അനുകൂലമായി അവകാശമൊഴിഞ്ഞു കൊടുത്തിട്ടുള്ളതും, ആശ്രിത നിയമനം നൽകുന്നതിൽ എതിർപ്പില്ല എന്ന് സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. പരേതന്റെ മറ്റ് അവകാശികളെ സംരക്ഷിച്ചുകൊള്ളാമെന്ന് അപേക്ഷകൻ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. 20.05.1996-ൽ ജനിച്ച ശ്രീ.ബിനു സുരേഷ്, കേരള സർവ്വകലാശാലയിൽ നിന്നും ബി.കോം പാസായിട്ടുണ്ട്. അപേക്ഷകൻ പരാമർശം 2 പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശം 1, 2 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച് പിന്നീട് ഉണ്ടായിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും പരാമർശം 8-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ബിനു സുരേഷ് പരേതനായ ബാല്യ.എസ്-ന്റെ ആശ്രിതനാണെന്ന് അമ്പലപ്പുഴ തഹസിൽദാർ നൽകിയ സാക്ഷ്യപത്രത്തിലെ തീയതിയായ 27/05/2022 വാലിഡ് അപേക്ഷ തീയതിയായി പരിഗണിച്ച്, പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ ഡ്യൂട്ടിക്കിടെ 18/12/2021-ൽ മരണപ്പെട്ട ബാല്യ.എസ് (PC 13899) -ന്റെ ഇളയ സഹോദരൻ ശ്രീ.ബിനു സുരേഷിന്, പരാമർശം 2 പ്രകാരം, ഡ്യൂട്ടിക്കിടയിൽ അപകടം മൂലം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി പ്രകാരം കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ നിലവിലുള്ളതോ, ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിൽ ആഡിറ്റർ തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ. ബിനു സുരേഷ്-ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ശാരീരിക ആരോഗ്യ ക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തി, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ ആഡിറ്റർ തസ്തികയിൽ നിലവിലുള്ള/ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതാണ്. നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി ടിയാളിന്റെ സ്വഭാവവും മുൻനടപ്പും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

5. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ നിര്യാതനായ സർക്കാർ ജീവനക്കാരന്റെ സേവനപുസ്തകത്തിലും അദ്ദേഹം അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും ശ്രീ. ബിനു സുരേഷ്-ന്റെ ആശ്രിത നിയമനം സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. അപേക്ഷയിലോ നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ അപേക്ഷകൻ തെറ്റായി വിവരം ധരിപ്പിക്കുകയോ എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ ചെയ്തു എന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ശ്രീ. ബിനു സുരേഷ് , ആലിശ്ശേരിൽ(കാർത്തിക),പുന്നപ്ര.പി.ഒ,ആലപ്പുഴ-688004 (രജിസ്റ്റേർഡ് തപാൽ മുഖേന).
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ,ആലപ്പുഴ.
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), തിരുവനന്തപുരം
6. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
7. പൊതുഭരണ(സി.ഇ. സെൽ) വകുപ്പ്, സെക്രട്ടറിയേറ്റ്
8.ധനകാര്യ വകുപ്പ് (12/09/2023 ലെ 2164035-ExpA4/382/2022-Fin പ്രകാരം).
9.പൊതുഭരണ എസ്.സി വകുപ്പ്(മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ ഇനം.നം1804 തീയതി 04.10.2023 പ്രകാരം )
10.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ. ഐ&പി.ആർ.ഡി.
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 07-10-2023 10:51:30
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്
3. ആഭ്യന്തര അഡീഷണൽ സെക്രട്ടറിയുടെ സി. എ. യ്ക്ക്

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 04-10-2023**

ഫയൽ നം. കെ3/102/2023/ആഭ്യന്തരം. ഇനം നം: 1804

വിഷയം : ആഭ്യന്തര വകുപ്പ് - ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണപ്പെട്ട പോലീസ് കോൺസ്റ്റബിൾ ബാലു.എസ് (പി.സി.13899)-ന്റെ സഹോദരൻ ശ്രീ. ബിനു സുരേഷിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, മുൻഗണനാക്രമം മറികടന്ന് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ3/102/2023/ ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | **ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണപ്പെട്ട പോലീസ് കോൺസ്റ്റബിൾ ബാലു.എസ് (പി.സി.13899) - ന്റെ സഹോദരൻ ശ്രീ.ബിനു സുരേഷിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, മുൻഗണനാക്രമം മറികടന്ന് നിയമനം നല്കുന്നത് - സംബന്ധിച്ച്** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **30.08.2023** |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഉണ്ട്** |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | **പ്രസീത.കെ.സി** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **14.09.2023** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. വേണു വി** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **19.09.2023** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | **26.09.2023** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30.09.2023 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ

പോലീസ് വകുപ്പിൽ സേവനത്തിലിരിക്കെ ഡ്യൂട്ടിക്കിടെ മരണപ്പെട്ട ഉദ്യോഗസ്ഥന്റെ അനന്തരാവകാശിക്ക് മുൻഗണനാക്രമം മറികടന്ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ ആഡിറ്റർ തസ്തികയിൽ ആശ്രിതനിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ,(പി.സി 13899) ആയി സേവനമനുഷ്ഠിച്ചു വരവേ 18.12.2021-ൽ ഡ്യൂട്ടിക്കിടെ ബാലു.എസ് മരണപ്പെടുകയുണ്ടായി. ബാലുവിന്റെ ഇളയ സഹോദരനായ ശ്രീ.ബിനു സുരേഷ് മുൻഗണനാക്രമം മറികടന്ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി 10.01.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ ആഡിറ്റർ (കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്), അസിസ്റ്റന്റ് (ഗവൺമെന്റ് സെക്രട്ടേറിയറ്റ്), അസിസ്റ്റന്റ്(അഡ്വക്കേറ്റ് ജനറൽ) എന്നീ തസ്തികകളിലേയ്ക്കാണ് യഥാക്രമം ആദ്യ മൂന്നു പരിഗണനകളായി തെരഞ്ഞെടുത്ത് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത അപേക്ഷ സംസ്ഥാന പോലീസ് മേധാവിയും ആലപ്പുഴ ജില്ലാ കളക്ടറും ശിപാർശ ചെയ്തിരുന്നു.

3) ഡ്യൂട്ടിക്കിടെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുൻഗണനാക്രമം മറികടന്ന് നിയമനം നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 03.02.2012-ലെ സ.ഉ(പി) 06/2012/ഉ.ഭ.പ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(X) പ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്ന തസ്തിക മാതൃവകുപ്പിൽ നിലവിലില്ലാത്തതും മറ്റൊരു വകുപ്പിൽ വരുന്നതുമാണെങ്കിൽ

പ്രസ്തുത വകുപ്പിന്റെ സമ്മതം വാങ്ങിയ ശേഷം അപേക്ഷിച്ചിട്ടുള്ള തസ്തികയിൽ നിലവിലുള്ളതോ ഏറ്റവും ആദ്യമുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപേക്ഷകൻ ഒന്നാം പരിഗണനയായി നിയമനം ആവശ്യപ്പെട്ടിരിക്കുന്നത് ആഡിറ്റർ(കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്) ആണ്. ഈ സാഹചര്യത്തിൽ ടിയാന് ആഡിറ്റ് വകുപ്പിൽ മുൻഗണനാക്രമം മറികടന്ന് ആഡിറ്റർ തസ്തികയിലേയ്ക്ക് ആശ്രിതനിയമനം നൽകുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

"സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ നിന്നും എല്ലാ വർഷവും കൃത്യമായും ആശ്രിത നിയമനത്തിനായി ഓഡിറ്റർ തസ്തികയിൽ 5% ഒഴിവുകൾ മാറ്റി വയ്ക്കുകയും ആയത് പൊതുഭരണ (സി.ഇ സെൽ) വകുപ്പിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തി വരികയും ചെയ്യുന്നുണ്ടെന്നും ആശ്രിത നിയമനത്തിനായി ഓഡിറ്റർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ബാക്കിയില്ല എന്നും ഓഡിറ്റർ തസ്തികയിൽ പുതുതായി ഒഴിവുകൾ ഒന്നും ഉണ്ടായിട്ടില്ല എന്നുള്ള വിവരവും ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) ആഡിറ്റർ തസ്തികയിൽ നിലവിൽ ഒഴിവ് ഇല്ലാത്തതിനാൽ അപേക്ഷകൻ അടുത്ത പരിഗണനയായി അപേക്ഷിച്ചിട്ടുള്ള അസിസ്റ്റന്റ്(സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒഴിവുണ്ടോ എന്നതിൽ പൊതുഭരണ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

“പൊതുഭരണ വകുപ്പിൽ 2022 വർഷത്തെ അസിസ്റ്റന്റിന്റെ പ്രതീക്ഷിത ഒഴിവുകൾ എല്ലാം തന്നെ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പൊതുഭരണ വകുപ്പിൽ റെഗുലറൈസ് ആകുവാനായി കാത്തു നിൽക്കുന്ന നാൽപ്പതോളം സൂപ്പർ ന്യൂമററി അസിസ്റ്റന്റുമാർ ഉണ്ട്. കൂടാതെ പൊതുഭരണ

വകുപ്പിലെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കും അസിസ്റ്റന്റ് തസ്തികയിലാണ് കൂടുതലായി നിയമനം നൽകുന്നത്. നിലവിൽ പൊതുഭരണ വകുപ്പിലെ മരണപ്പെട്ട 2 ജീവനക്കാരുടെ ആശ്രിതർ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷ ഈ വകുപ്പ് പരിശോധിച്ച് വരികയുമാണ്. മേൽ സാഹചര്യത്തിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഇല്ല എന്ന വിവരം അറിയിക്കുന്നു"

5) തുടർന്ന് ടിയാന്റെ 3-ാം പരിഗണനയായ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുണ്ടോ എന്നതിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

"അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 2022-ൽ ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുവാൻ അസിസ്റ്റന്റ് തസ്തികയിൽ മതിയായ ഒഴിവുകൾ നിലവിലില്ലെന്ന വിവരം ആഭ്യന്തര വകുപ്പിനെ അറിയിക്കുന്നു"

6) 2022 കലണ്ടർ വർഷം അവസാനിക്കാറായ ഘട്ടത്തിൽ ഫയൽ ഒരിക്കൽക്കൂടി നിയമവകുപ്പിനയച്ചപ്പോൾ

" അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 2022 വർഷത്തിൽ ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുവാൻ അസിസ്റ്റന്റ് തസ്തികയിൽ മതിയായ ഒഴിവുകൾ നിലവിലില്ലെന്ന് 04/11/2022 തീയിതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണെന്നും 2023 വർഷത്തിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ അസിസ്റ്റന്റ് തസ്തികയിൽ വിരമിക്കൽ മൂലം നിലവിൽ വരുന്ന 6 ഒഴിവുകളിൽ 2 ഒഴിവുകൾ അന്യത്ര സേവനത്തിനു ശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുന്നവർക്കായി മാറ്റി വെച്ച ശേഷം 4 ഒഴിവുകൾ പ്രതീക്ഷിത ഒഴിവായി പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞതിനാൽ 2023 വർഷത്തിലും ഒഴിവുകൾ ബാക്കിയില്ലായെന്നും 2024

വർഷത്തിൽ ഈ കാര്യാലയത്തിൽ അസിസ്റ്റന്റ് തസ്തികയിൽ 8 ഒഴിവുകളും, 2025 വർഷത്തിൽ 5 ഒഴിവുകളുമാണ് നിലവിൽ വരുന്നതെന്നും 2024, 2025 വർഷങ്ങളിലും ആശ്രിതനിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് മാറ്റി വെയ്ക്കുവാൻ ആവശ്യമായ നിശ്ചിത ശതമാനം ഒഴിവുകൾ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിലവിലില്ലെന്നും കൂടാതെ ഒഴിവുകളുടെ അഭാവത്തിൽ നിയമനം ക്രമീകരിക്കപ്പെടാതെ ടി കാര്യാലയത്തിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമിതരായി 2016 മുതൽ അസിസ്റ്റന്റ് (സൂപ്പർന്യൂമററി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന 4 ജീവനക്കാർ കൂടി ഉണ്ടെന്ന വിവരവും അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്".

7) പ്രസ്തുത സാഹചര്യത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ 18.12.2021-ൽ ജീവൻ നഷ്ടമായ പോലീസ് കോൺസ്റ്റബിൾ ബാലു.എസ്(PC 13899)-ന്റെ ഇളയ സഹോദരൻ ശ്രീ.ബിനു സുരേഷിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുൻഗണനാക്രമം മറികടന്നുള്ള ആശ്രിത നിയമനം നൽകുന്നതിന് ശിപാർശ ചെയ്ത് ലഭ്യമാക്കിയ അപേക്ഷയിൽ തുടർനടപടികൾ സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും തുടർന്ന് ഇപ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

"ശ്രീ.ബിനു സുരേഷിന് ആഡിറ്റ് വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ഒഴിവിൽ ആഡിറ്റർ തസ്തികയിൽ മുൻഗണനാക്രമം മറികടന്ന് നിയമനം നൽകുന്നത് സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ഫയലിൽ 'മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക' എന്ന ഉത്തരവ് നൽകിയിരുന്നു.ഇത് ചീഫ് സെക്രട്ടറി പരിശോധിക്കുക."

8) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകുകയും ചുവടെ

പറയുന്ന അഭിപ്രായം സഹിതം ധനകാര്യ വകുപ്പ് ഫയൽ മടക്കി നൽകുകയും ചെയ്തിരുന്നു.

"ഭരണ വകുപ്പിന്റെ ഫയലിൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്ന വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഫയൽ 1709945/EXP-C1/14/2021/Fin ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു".

9) ഇതിനിടെ ആഡിറ്റർ തസ്തികയിലോ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലോ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിലോ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ മുൻഗണനാക്രമം മറികടന്ന് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീബിനു സുരേഷ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 151/2023 ഫയൽ ചെയ്തിരുന്നു.

10) ഈ കേസ് പരിഗണിച്ച കോടതി 16.02.2023 – ലെ OA 151/2023-ലെ വിധിന്യായ പ്രകാരം അപേക്ഷകന് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ സർക്കാർ രണ്ട് മാസത്തിനകം തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

11) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയ കെ3/164/2022-ആഭ്യന്തരം നമ്പർ ഫയലിൽ ഇനിയും തീരുമാനമാകാത്ത സാഹചര്യത്തിൽ ബഹു.ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**തീരുമാനിക്കേണ്ട വിഷയം**

പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ ഡ്യൂട്ടിക്കിടെ 18.12.2021-ൽ മരണപ്പെട്ട ബാലു.എസ് (PC 13899)-ന്റെ ഇളയ സഹോദരൻ ശ്രീ.ബിനു സുരേഷിന്, 03.02.2012-ലെ സ.ഉ(പി) 06/2012/ഉ.ഭ.പ.വ പ്രകാരം ഡ്യൂട്ടിക്കിടയിൽ അപകടം മൂലം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി പ്രകാരം കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിൽ ആഡിറ്റർ തസ്തികയിൽ, നിയമനം നൽകാവുന്നതാണോ?